YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

विद्यया अमृतमश्नुते

**MAHATMA GANDHI UNIVERSITY, KERALA**

No. AC A6/26656/3/2019/MGU

Priyadarsini Hills

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച്</u>

Sub:- ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും 2015-16,2016-17 വർഷങ്ങളിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അർഹരായിട്ടും, ആയത് ലഭിക്കാത്തവർക്ക് രേഖകൾ സമർപ്പിക്കുന്നതിന് 2019 ജൂലൈ 30 വരെ അവസരം അനുവദിച്ചത് സംബന്ധിച്ച്.

Ref :- 1. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ നിന്നുള്ള 10.07.2019 തീയതിയിലെ 1937/എസ്/ 2019/ ന്യൂ. ക്ഷേ. ഡ നം: കത്ത്

2. രജിസ്ട്രാറുടെ 18.07.2019 തീയതിയിലെ ഉത്തരവ്.

ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നൽകി വരുന്ന സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh/Renewal), ITC Fee Reimbursement Scheme, CA/ICWA/CS Scholarship, Prof. Joseph Mundassery Scholarship for Talented Students എന്നിവയ്ക്ക് 2015 - 16, 2016-17 വർഷങ്ങളിൽ അപേക്ഷ സമർപ്പിക്കുകയും അർഹരായവരുടെ പട്ടികയിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക്, ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് RTGS വഴി തുക ക്രെഡിറ്റ് ചെയ്തെന്നും എന്നാൽ ചില വിദ്യാർത്ഥികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ കാരണം തുക ക്രെഡിറ്റ് ആകാതെ മടങ്ങിയിട്ടുണ്ടെന്നും ന്യൂനപക്ഷ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിരിക്കുന്നു. അങ്ങനെയുള്ള വിദ്യാർത്ഥികൾ പാസ്സ് ബുക്കിന്റെ പകർപ്പ്, 2015 മുതൽ 2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെൻറ്, അവാർഡ് ലിസ്റ്റിന്റെ കോപ്പി എന്നിവ <u>2019ജൂലൈ30</u> ന് മുൻപായി ഡയറക്ടറേറ്റിന്റെ scholarship.mwd@gmail.com എന്ന ഇ-മെയിൽ മുഖാന്തിരവും, താഴെപ്പറയുന്ന വിലാസത്തിൽ തപാൽ മുഖാന്തിരവും അയച്ച് നൽകേണ്ടതാണ്. പ്രസ്തുത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്നും അറിയിച്ചിരിക്കുന്നു.

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം

**SABOO THOMAS**
JOINT REGISTRAR II (ADMIN)

To

1. വി. സി, പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2. രജിസ്ട്രാർ, എഫ്. ഒ, സി. ഇ എന്നിവരുടെ പി. എ മാർ
3. ഡയറക്ടർമാർ, വിവിധ പഠനവകുപ്പുകൾ
4. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ (സർവ്വകലാശാല വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന് വേണ്ടി )
5. പി. ആർ. ഒ/ എൻക്വയറി (പത്ര കുറിപ്പ് നൽകുന്നതിന്)
7. റെക്കോർഡ്സ്

Draft #1 of File AC A6/26656/3/2019/MGU Approved by JOINT REGISTRAR II (ADMIN) on 19-Jul-2019 10:57 PM - Page 1

'ഭരണഭാഷ-മാതൃഭാഷ'

നം.1937/എസ്/2019/ന്യൂ.ക്ഷേ.ഡ

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്,
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം, തീയതി: 10.07.2019
ടെലിഫാക്സ്:0471-2300523,2302090
ഇമെയിൽ- director.mwd@gmail.com

ഡയറക്ടർ

രജിസ്ട്രാർ
മഹാത്മഗാന്ധി യൂണിവേഴ്സിറ്റി

സർ,

വിഷയം:- ന്യൂനപക്ഷക്ഷേമ ഡയക്ടറേറ്റ്- ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് - സംബന്ധിച്ച്

ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിവിധയിനം സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്. ഇതിൽ സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (Fresh), (Renewal), ITC Fee Reimbursement Scheme, CA/ICWA/CS Scholarship, Prof.Joseph Mundassery Scholarship for Talented Students എന്നീ സ്കോളർഷിപ്പുകൾക്ക് അപേക്ഷ നൽകുകയും, വിദ്യാർത്ഥികൾ സ്കോളർഷിപ്പ് അവാർഡ് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പ് ഫണ്ട്, ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് RTGS വഴിയാണ് നൽകിയത്. ചില വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലെ പ്രശ്നങ്ങൾ കാരണം തുക credit ആകാതെ മടങ്ങി ടി അക്കൗണ്ടിൽ വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2015 - 16, 2016-17 വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികളുണ്ടെങ്കിൽ ടി വിദ്യാർത്ഥികളുടെ പാസ് ബുക്കിന്റെ കോപ്പി, 2015 മുതൽ 2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ്, അവാർഡ് ലിസ്റ്റിന്റെ കോപ്പി ഉൾപ്പെടെ 2019 ജൂലൈ 30 - ന് മുമ്പേ ഡയറക്ടറേറ്റിൽ ഇ-മെയിൽ (scholarship.mwd@gmail.com) മുഖാന്തിരവും തപാൽ മുഖാന്തിരവും സമർപ്പിക്കണമെന്നുള്ള വിവരം ബന്ധപ്പെട്ട വിദ്യാർത്ഥികളെ അറിയിക്കാൻ താൽപര്യപ്പെടുന്നു. ടി തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,

ഡയറക്ടർ

കുറിപ്പ്:- ബാങ്ക് അക്കൗണ്ട് ആക്ടീവാണെന്ന് വിദ്യാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്.